മി. സ്പീക്കർ : അത് ചെയറിന്റെ ഒരു റൂളിംഗ് കൊണ്ട് മാറ്റാൻ കഴിയുന്നതല്ല. ചെയറിന്റെ ഒരു റൂളിംഗ് കൊണ്ട് മാറ്റാൻ കഴിയുന്ന കാര്യമല്ല അത്.

ശ്രീ. ടി. എം. ജേക്കബ് : ഈ സഭയെ തെറ്റിദ്ധരിപ്പിക്കുന്നതായതുകൊണ്ട് അതു നീക്കം ചെയ്യണം. ശംഖിലിക്കടവ് സർക്കാർ അംഗീകരിച്ചുകൊടുത്തതല്ല എന്ന് ഈ രേഖയിൽ പറയുന്നു. അതാണ് അംഗീകരിച്ചു കൊടുത്തു എന്ന് മന്ത്രി പറയുന്നത്. വസ്തുതാപരമായി തെറ്റായ ഒരു കാര്യം സഭയെ ധരിപ്പിക്കുന്നത് ഓർഡറിൽ അല്ലാത്തതുകൊണ്ട് അത് സഭാരേഖകളിൽ നിന്നും നീക്കം ചെയ്യണം. ഞാൻ സർക്കാരിന്റെ കടലാസ് വച്ചാണ് പറയുന്നത്. ഇതാണ് രേഖ.

മി. സ്പീക്കർ : അങ്ങ് പറഞ്ഞത് വസ്തുതാപരമാണോ അല്ലയോ എന്ന് എങ്ങനെ അറിയാം ? അങ്ങയുടെ കൈയിൽ രേഖയുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ആൻസർ ചെയ്തതും രേഖവച്ചാണ്. ബഹുമാനപ്പെട്ട മന്ത്രി ആൻസർ ചെയ്തത് രേഖകൾക്കു വിരുദ്ധമാണെങ്കിൽ, വസ്തുതാപരം അല്ലെങ്കിൽ അതിന് റെമഡി എന്താണ് ? ചെയറിന്റെ റൂളിംഗ് കൊണ്ട് മാറ്റാൻ കഴിയുമോ ? സ്പീക്കർക്ക് എക്സ്പഞ്ച് ചെയ്യാൻ പറ്റില്ല. എനിക്ക് ബോധ്യം ഉണ്ടെങ്കിലല്ലേ എക്സ്പഞ്ച് ചെയ്യാൻ പറ്റൂ.... അടുത്തത് ബഹുമാനപ്പെട്ട ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി.....

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ. സി. ഷൺമുഖദാസ്) : സർ, തൊഴിലും പരിശീലനവും തൊഴിലില്ലായ്മാവേതനവും സംബന്ധിച്ച് ചർച്ചകളിൽ വലിയ നിർദ്ദേശങ്ങളൊന്നും ഇവിടെ ഉണ്ടായില്ല. കൊടുക്കുന്ന നടപടികളെ സംബന്ധിച്ച് വലിയ പരാതിയും ആരും പറഞ്ഞില്ല. പരാതി പറഞ്ഞില്ല എന്നുള്ളതുതന്നെ, ഈ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം പരാതികൾ ഒന്നുമില്ല എന്നതിന് തെളിവാണ്. ഒരു മൂന്നു മിനിറ്റുകൊണ്ട് ഞാൻ തീർക്കാം. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 13 മാസത്തെ തൊഴിലില്ലായ്മ വേതനം കുടിശ്ശികയുണ്ടായിരുന്നു. കഴിഞ്ഞ ഗവൺമെന്റ് 3 കൊല്ലം കൊണ്ട് 39.95 കോടി രൂപയാണ് തൊഴിലില്ലായ്മ വേതനം കൊടുത്തതെങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 73.14 കോടി രൂപ കൊടുത്തു തീർത്തിട്ടുണ്ട്. അവരുടെ കാലത്ത് തൊഴിലില്ലായ്മ വേതനം 70 രൂപയായിരുന്നത് ഇപ്പോൾ 100 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ കൊല്ലം 65 കോടി രൂപയാണ് ഇതിനായി നീക്കിവച്ചിട്ടുള്ളത്.

VI ക്രമപ്രശ്നം

എപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് സംബന്ധിച്ച ധനാഭ്യർത്ഥനക്കുള്ള മറുപടി

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ, ഇവിടെ ഇന്നു ചർച്ചയ്ക്ക് വന്നിട്ടുള്ള ധനാഭ്യർത്ഥനകൾ (1) IX വാഹന നികുതികൾ (2) XLI ഗതാഗതം (3) XXXIV വനം (4) XXIV തൊഴിലും തൊഴിലാളി ക്ഷേമവും എന്നിവയാണ്. ധനാഭ്യർത്ഥന XXIV എന്നു പറയുന്നത് തൊഴിലും തൊഴിലാളി ക്ഷേമവുമാണ്. ഇത് അതിൽ വരുന്നില്ല. ഞാൻ മനസ്സിലാക്കിയിടത്തോളം ശരിയാണോ എന്ന് എനിക്കറിയില്ല. അത് ഗില്ലെറ്റിൽ ചെയ്യുകയാണ് എന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ കേട്ടത്. ശരിയാണോ എന്നറിയില്ല. ഇവിടെ ഇല്ലാത്ത ഒരു ധനാഭ്യർത്ഥനയ്ക്കു വേണ്ടിയിട്ട്... അത് ഉണ്ടോ, ഇല്ലയോ എന്ന് അങ്ങ് ആദ്യം പറയണം. അതുകൊണ്ടാണ് ഇവിടെ ചർച്ച ചെയ്യാത്തത്. ഞാൻ സ്പീക്കർക്ക് എഴുതിക്കൊടുക്കാൻ ഉദ്ദേശിച്ചതാണ്. ഡിമാന്റ് ഇല്ലാത്ത കാര്യത്തിനുവേണ്ടി സംസാരിക്കുക എന്നുവച്ചാൽ...

ശ്രീ. എ. സി. ഷൺമുഖദാസ് : ചർച്ചയിൽ വന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് : ഡിമാന്റ് ഇല്ല. ഏതാണ് മന്ത്രി സംസാരിക്കുന്ന ഡിമാന്റ് നമ്പർ ?

മി. സ്പീക്കർ : അതു പറയാം. ബഹുമാനപ്പെട്ട മന്ത്രി ഒന്നുവെയ്റ്റ് ചെയ്യുക. അത് പരിശോധിച്ചു പറയാം. ഇപ്പോൾ ജലസേചനവും തൊഴിലും വകുപ്പുമന്ത്രിക്ക് മറുപടി പറയാം.

ശ്രീ. കെ. പ്രകാശ് ബാബു : സർ ഒരു പോയിന്റ് ഓഫ് ഓർഡർ. ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ വേണ്ടിയാണ്. ഇവിടെ ധനാഭ്യർത്ഥന നമ്പർ XXIV പറഞ്ഞിട്ടുള്ളത് തൊഴിലും തൊഴിലാളി ക്ഷേമവും ആണ്. നമ്മുടെ മിനിസ്റ്റേഴ്സിന്റെ പോർട്ട്ഫോളിയോ കാണിച്ചുകൊണ്ട് അലോട്ട്മെന്റ് ഓഫ് ഡേയ്സ് ഫോർ ആൻസറിംഗ് ക്വസ്റ്റ്യൻസ് ആണ് എന്റെ കൈയിലിരിക്കുന്നത്. അതിൽ ശ്രീ. എ. സി. ഷൺമുഖദാസ് - ആരോഗ്യം, കുടുംബക്ഷേമം, അതുകഴിഞ്ഞ് താഴോട്ടുവരുമ്പോൾ ഹാർബർ എഞ്ചിനിയറിംഗ്, തൊഴിലും പരിശീലനവും. തൊഴിൽ ഉണ്ട് ....(ബഹളം).... ഞാൻ പറയട്ടെ, എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് എന്നു പറയുന്നത് തൊഴിലിന്റെ ഭാഗമായിട്ട് വരുന്നതാണ്. ലേബർ ആന്റ് വെൽഫെയർ മാത്രമാണ് അപ്പുറത്തേയ്ക്കു പോകുന്നത്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, തൊഴിൽ വകുപ്പിന്റെ ധനാഭ്യർത്ഥനയെ സംബന്ധിച്ച് അപ്പുറത്തും ഇപ്പുറത്തുമുള്ള മെമ്പർമാർ കുറെ നിർദ്ദേശങ്ങൾ ഇവിടെ വയ്ക്കുകയുണ്ടായി. വളരെ ക്രിയാത്മകമായ നിർദ്ദേശങ്ങളും പല മെമ്പർമാരും ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. തൊഴിൽ പ്രശ്നങ്ങളിൽ സംയോജിതമായ ഇടപെടൽ ഉള്ളതുകൊണ്ട് അതിൽ ഫലപ്രദമായ പരിഹാരം കാണാൻ ശ്രമിച്ചിട്ടുണ്ട്. തൊഴിൽ മേഖല സർവ്വം, ശാന്തം എന്നൊക്കെ ഭരണകക്ഷിയിൽപ്പെട്ട പല മെമ്പർമാരും ഇവിടെ പറഞ്ഞതു സംബന്ധിച്ച് ചിലരൊക്കെ പരിഹസിച്ച് പറയുകയുണ്ടായി. സത്യസന്ധമായി പരിശോധിച്ചാൽ കഴിഞ്ഞ കുറെ കാലങ്ങളെ അപേക്ഷിച്ച് ഇപ്പോൾ തൊഴിൽ രംഗം ശാന്തമാണ്. ഇവിടെ പ്രശ്നങ്ങളില്ല. ഇവിടെ ബോണസ് പ്രശ്നങ്ങളിലൊക്കെ സമയാസമയങ്ങളിൽ തീരുമാനങ്ങൾ ഉണ്ടായിട്ടുണ്ട് മാത്രമല്ല സിംലായിലെ ലേബർ മിനിസ്ട്രിയുടെ റിപ്പോർട്ടിനകത്തുതന്നെ പറഞ്ഞിട്ടുണ്ട് ഇൻഡ്യയിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലാണ് തൊഴിൽ സമാധാനം മെച്ചപ്പെട്ടത് എന്ന്. ഇവിടെ കുറഞ്ഞ കൂലി നിശ്ചയിച്ചതിനെ സംബന്ധിച്ചൊക്കെ പരാമർശം ഉണ്ടായി. 15 മേഖലകളിൽ കുറഞ്ഞ കൂലി പുതുക്കി നിശ്ചയിക്കുകയുണ്ടായി. ഇനി പത്തിരുപത്തൊന്ന് മേഖലകളിൽ കൂടി കുറഞ്ഞ കൂലി പുതുക്കി നിശ്ചയിക്കാനുണ്ട്. അതിൽ നാലഞ്ചെണ്ണത്തിന്

LIBRARY ARCHIVES Kerala Legislative Assembly

കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. ആ കമ്മിറ്റി അതിന്റെ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. സിനിമാ വ്യവസായ തൊഴിലാളികളുടെ കുറഞ്ഞ കൂലിയെ സംബന്ധിച്ചും കമ്മറ്റിയുടെ റിപ്പോർട്ട് കിട്ടി, നോട്ടിഫിക്കേഷനും നൽകിക്കഴിഞ്ഞു. ഇനി പത്തിരുപത്തൊന്നു മേഖലകളിൽ നടപ്പാക്കാനുണ്ട്. അതുപോലെ എൻഫോഴ്സ്മെന്റിനെപ്പറ്റി പറഞ്ഞു. അതിനെപ്പറ്റി പറഞ്ഞത് ബഹുമാനപ്പെട്ട മെമ്പർ പാലോട് രവിയാണ്. 2857 കേസുകളിലാണ് ഇവിടെ എൻഫോഴ്സ്മെന്റ് വഴി സ്കാഡ് പരിശോധന നടത്തിയത്. ഇപ്പോൾ തന്നെ ഏകദേശം 185 ക്ലെയിം കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. പിന്നെ കുടിയേറ്റ തൊഴിലാളികളുടെ പ്രശ്നങ്ങളെ സംബന്ധിച്ചു പറഞ്ഞു. അവരെ സംബന്ധിച്ച് പറയുമ്പോൾ ഒട്ടേറെ തൊഴിലാളികളെ നിയന്ത്രണമില്ലാതെ, അനധികൃതമായി പല സംസ്ഥാനങ്ങളിലും കൊണ്ടുപോയി ജോലി ചെയ്യിപ്പിക്കുന്നുണ്ട്. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ ലേബർ കമ്മിഷണറുടെ നേതൃത്വത്തിൽ ഒരു ഉന്നതതല സംഘം ഗുജറാത്ത്, മഹാരാഷ്ട്ര, പശ്ചിമബംഗാൾ, ഒറീസ തുടങ്ങിയ സംസ്ഥാനങ്ങൾ സന്ദർശിച്ചു. അവർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചു. കുടയേറ്റ തൊഴിലാളികൾക്ക്, അവരുടെ അവകാശങ്ങൾ അവരെ ബോധ്യപ്പെടുത്തുന്നതിനുവേണ്ടി 14 ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇപ്പോഴും ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുകയാണ്.

അതുപോലെതന്നെ ബാലവേലയെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. കേരളത്തിൽ കാര്യമായി ബാലവേല കാണുന്നില്ല. ബാലവേലയുള്ള
4 P.M.] സ്ഥലങ്ങളിൽ ഒരു ലിസ്റ്റുണ്ടാക്കി ചില നടപടികളൊക്കെ സ്വീകരിച്ചിട്ടുണ്ട്. അവരെ പുനരധിവസിപ്പിക്കാനുള്ള നടപടികളൊക്കെ സ്വീകരിച്ചു. നാലു ജില്ലകളിൽ പ്രത്യേക പഠന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. അങ്ങനെ മൊത്തം ഇപ്പോൾ 8 പഠനകേന്ദ്രങ്ങൾ നടന്നുവരുന്നു. ബാലവേല സംബന്ധിച്ച് ബോധനം നടത്തുന്നതിനുവേണ്ടിയാണ് ഈ പഠന കേന്ദ്രങ്ങൾ. അതുപോലെ വ്യവസായ ബന്ധസമിതി. വ്യവസായ ബന്ധസമിതിയുടെ നേതൃത്വത്തിൽ വിവിധ വ്യവസായ യൂണിറ്റുകളിൽ ദീർഘകാലകരാറുകൾക്ക് രൂപം നൽകിയിട്ടുണ്ട്. കേരള ടെക്സ്റ്റൈൽ കോർപ്പറേഷൻ, സിൽക്ക്, പ്രിമിയർ ടയേഴ്സ്, വളപട്ടണം റ്റൈൽസ്, മോട്ടോർ വ്യവസായം, ഓടു വ്യവസായം, നിർമ്മാണത്തൊഴിലാളി മേഖല, ടിംബർ, പ്ലൈവുഡ് എന്നിവയിൽ വ്യവസായ ബന്ധസമിതികൾ ഉടൻ രൂപീകരിക്കാനുള്ള നടപടിയായിട്ടുണ്ട്. ചെറുകിട തോട്ടങ്ങൾ, കടകൾ, വാണിജ്യസ്ഥാപനങ്ങൾ എന്നിവയിൽ തൊഴിൽ ഭദ്രതയ്ക്കുവേണ്ടി നിയമഭേദഗതി കൊണ്ടുവരും. നിലവിലുള്ള കൈത്തറിതൊഴിലാളി ക്ഷേമനിധി പരിഷ്ക്കരിച്ച് പുതിയ ക്ഷേമനിധി കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്. ബഹുഭൂരിപക്ഷം ബോണസ് തർക്കങ്ങൾക്കും രമ്യമായി പരിഹാരം കാണാൻ ശ്രമിക്കുന്നുണ്ട്. കശുവണ്ടി മേഖലയിൽ 20 ശതമാനം ബോണസും 5 ശതമാനം എക്സ്ഗ്രേഷ്യയും കഴിഞ്ഞപ്രാവശ്യം നൽകി. കയർ, ടെക്സ്റ്റൈൽ മേഖലകളിലെ ബോണസ് തർക്കം പരിഹരിച്ചു. 12 സ്ഥാപനങ്ങളിലെ ബോണസ് പ്രശ്നത്തിന് ഒറ്റ ദിവസംകൊണ്ട് പരിഹാരം കണ്ടെത്തി. ശ്രീ. പാലോട് രവി ഒരു പ്രശ്നം ഇവിടെ ഉന്നയിച്ചു. ബോണസിനെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച്, ബോണസിന്റെ അർഹതയ്ക്കുള്ള വരുമാനപരിധി ഉയർത്തുന്നതിന് ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് എന്തുചെയ്തുവെന്ന് ചോദിച്ചു. ബോണസിന്റെ അർഹതയ്ക്കുള്ള വരുമാന പരിധി ഉയർത്തുന്നകാര്യം സംസ്ഥാനഗവൺമെന്റിന്റെ പരിധിയിൽപ്പെടുന്നതല്ല. കേന്ദ്രഗവൺമെന്റ് വിചാരിച്ചുവെങ്കിൽമാത്രമേ അതുസംബന്ധിച്ചുള്ള നടപടി സ്വീകരിക്കാനൊക്കൂ. അതിനുള്ള അധികാരം സംസ്ഥാനഗവൺമെന്റിന് ഉണ്ടായിരുന്നുവെങ്കിൽ തീർച്ചയായും ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലഘട്ടത്തിൽതന്നെ ബോണസിന്റെ അർഹതയുള്ള വരുമാന പരിധി ഉയർത്തി തൊഴിലാളികൾക്ക് അനുകൂലമായ നിലപാട് സ്വീകരിക്കുമായിരുന്നു. എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്താൻ ഈ ഗവൺമെന്റ് ഒന്നും ചെയ്യുന്നില്ലായെന്നുള്ള ധ്വനി വരത്തക്കനിലയിൽ ഇവിടെ ചിലർ സംസാരിച്ചു. എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തിയിട്ടുണ്ട്. അതിന് ഓരോ മേഖല തിരിച്ച് ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥന്മാരുടെ ടീമിനെത്തന്നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എൻഫോഴ്സ്മെന്റിനെ ശക്തിപ്പെടുത്താൻ ഈ വർഷത്തെ ബഡ്ജറ്റിൽ 20 ലക്ഷംരൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ 13 ലക്ഷം രൂപ എൻഫോഴ്സ്മെന്റിന് വാഹനം വാങ്ങാനും 7 ലക്ഷംരൂപ ഉദ്യോഗസ്ഥന്മാർക്ക് പരിശീലനം നൽകാനുമാണ് കേരളത്തിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ വികാസപരിണാമങ്ങൾ ദേശീയ ശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്. തൊഴിലാളി ക്ഷേമപരിപാടികളുടെ കാര്യത്തിൽ കേരളത്തിന്റെ മാതൃക അവലംബിച്ചിട്ടാണ് കേന്ദ്ര ഗവൺമെന്റും മറ്റ് സംസ്ഥാന ഗവൺമെന്റുകളും നിയമ നിർമ്മാണ നടപടികൾ സ്വീകരിക്കുന്നത്. ഇൻഡസ്ട്രിയൽ ഹൈജീൻ ലബോറട്ടറിയുടെ ഓരോ റീജിയണൽ ഓഫീസുകൾ എറണാകുളത്തും കോഴിക്കോടും സ്ഥാപിക്കും. അപകട സാദ്ധ്യതയുള്ള വ്യവസായ യൂണിറ്റുകളിൽ വിദഗ്ദ്ധ പരിശോധന നടത്താൻ ഒരു മൊബൈൽ ലബോറട്ടറി സ്ഥാപിക്കുന്നതാണ്. 2,878 പുതിയ ഫാക്ടറികൾക്ക് രജിസ്ട്രേഷൻ നൽകുകവഴി 48,619 പേർക്ക് ജോലി ലഭ്യമാക്കത്തക്കനടപടികൾ സ്വീകരിച്ചിട്ടുണ്ട്. കമ്പ്യൂട്ടർവൽക്കരണത്തിലൂടെ ഒരു 'സേഫ്റ്റി ഇൻഫർമേഷൻ നെറ്റ്' സംവിധാനം ഏർപ്പെടുത്തി. ഇ.എസ്.ഐ. തൊഴിലാളികളുടെ ചികിത്സയ്ക്കുള്ള പ്രതിശീർഷ അടങ്കൽ 500 രൂപയിൽ നിന്നും 600 രൂപയായി വർദ്ധിപ്പിച്ചു. കൊല്ലം ആശ്രമത്ത് 7 കോടി രൂപ മുടക്കി ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരികയാണ്. 83 ലക്ഷംരൂപ മുതൽമുടക്കി ഇ.എസ്.ഐ. ആശുപത്രിക്ക് ആധുനികമായ ഉപകരണങ്ങൾ വാങ്ങും. കോഴിക്കോട് ജില്ലയിലെ ചക്കോരക്കുളത്ത് ക്യാൻസർ ഡിറ്റക്ഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേരള ഗവൺമെന്റ് ഈ ഡിപ്പാർട്ടുമെന്റിൽ ചില പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കും. കേരള സർക്കാർ രണ്ടായിരാമാണ്ടോടുകൂടി ഒരു ലേബർ അജണ്ടയ്ക്ക് രൂപം കൊടുത്തിട്ടുണ്ട്. ലേബർ അജണ്ട എന്നുപറയുമ്പോൾ അടുത്ത നൂറ്റാണ്ടിലേയ്ക്ക് പ്രവേശിക്കുന്ന തൊഴിലാളി വർഗ്ഗത്തിന്റെ ക്ഷേമവും വികസനവും ഉറപ്പു വരുത്താൻ ഒരു തൊഴിൽ നയത്തിന് ഇവിടത്തെ ഇടതുപക്ഷജനാധിപത്യ മുന്നണിയിൽപ്പെട്ട പ്രധാന ട്രേഡ് യൂണിയൻ നേതാക്കൾ കരട് പരിശോധിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടിരിക്കുകയാണ്. തൊഴിൽ നയം രൂപീകരിച്ച് അവരെ ഏൽപ്പിച്ചിട്ടുണ്ട്. പരിശോധനയ്ക്കുശേഷം മറ്റു ട്രേഡ് യൂണിയൻ നേതാക്കന്മാരെ കൂടെ ബന്ധപ്പെടുത്തി ചർച്ച ചെയ്തതിനുശേഷം അത് അവതരിപ്പിക്കുന്നതാണ്. അടുത്ത നൂറ്റാണ്ടിലേയ്ക്ക് പ്രവേശിക്കുന്ന തൊഴിലാളി വർഗ്ഗത്തിന്റെ ക്ഷേമവും വികസനവും ഉറപ്പുവരുത്താൻ ഗവൺമെന്റ് ആവിഷ്ക്കരിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്ന പത്തിന കർമ്മ പരിപാടിയാണ് ലേബർ അജണ്ട. പുതിയ തൊഴിൽ നയത്തിന്റെ അവിഭാജ്യ ഘടകമായിരിക്കും അവ. 'ലേബർ അജണ്ട-2000' എന്നാണ് അതിന്റെ പേര്. അതിൽ തൊഴിലാളികൾക്കാവശ്യമായ ഘട്ടങ്ങളിൽ അനായാസമായി ചെറുകിട വായ്പ ലഭ്യമാക്കാനും അവരെ കടക്കെണിയിൽ നിന്നും മോചിപ്പിക്കാനും ലേബർ ബാങ്ക് ശ്രമിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ ജയരാജൻ അങ്ങനെയൊരു നിർദ്ദേശം ഇവിടെ വയ്ക്കുകയുണ്ടായി. കാലാകാലങ്ങളിൽ വരുന്ന കടക്കെണിയിൽ നിന്ന് തൊഴിലാളികളെ സഹായിക്കുന്നതിന് എന്തുചെയ്യാൻ കഴിയും എന്നുള്ളതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കണം എന്നൊരു നിർദ്ദേശം അദ്ദേഹം വയ്ക്കുകയാണ്ടായി. ഞങ്ങൾ അതിനുമുൻപുതന്നെ അതിനെപ്പറ്റി ആലോചിച്ചു. തൊഴിലാളികൾക്കു മാത്രമായി തൊഴിലാളികളുടേതായ ഒരു ബാങ്കാണ് 'ലേബർ ബാങ്ക്' എന്നതുകൊണ്ട് വിഭാവനം ചെയ്തിട്ടുള്ളത്. പാവപ്പെട്ട തൊഴിലാളികൾക്ക് പെട്ടെന്ന് ഒരാവശ്യം വന്നാൽ ബാങ്കിൽ നിന്ന് വായ്പ ലഭിക്കാൻ ഇപ്പോൾ ബുദ്ധിമുട്ടാണ്. വലിയ പലിശ കൊടുത്ത് കമ്പനികളിൽനിന്നോ, അതുമായി ബന്ധപ്പെട്ട അടുത്ത കടക്കാരിൽനിന്നോ ഒക്കെയാണ് അവർ ഇപ്പോൾ കടം വാങ്ങിക്കൊണ്ടിരിക്കുന്നത്. ഈടും ജാമ്യവുമില്ലാത്തതാണ് ബാങ്കുകളിൽ നിന്നും മറ്റും കടം കിട്ടാനുള്ള പ്രയാസം. അതുകൊണ്ടുതന്നെ അനധികൃത സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്ത് അവർ കടക്കെണിയിൽ വീഴുന്നു. ഈ ദുഃസ്ഥിതിക്ക് പരിഹാരം കാണാനുള്ള ഒരു പുതിയ സംവിധാനമായിരിക്കും ലേബർ ബാങ്ക്. എല്ലാ തൊഴിൽശാലയിലും ലേബർ ബാങ്കിന്റെ എക്സ്റ്റൻഷൻ കൗണ്ടറുണ്ടായിരിക്കും. ഇവ ബാങ്കിന്റെ മേഖലാ ഓഫീസുമായി ബന്ധപ്പെട്ട് പ്രവർത്തിക്കും. മേഖലാ ഓഫീസുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു സംസ്ഥാനതല അപ്പെക്സ് ബോഡിയുണ്ടാക്കും. അതുപോലെ രണ്ടാമത്തേത്, ആഗോളവൽക്കരണ സമൂഹത്തിൽ തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കാനും, പുത്തൻ സാങ്കേതികവിദ്യകളിൽ പരിശീലനം നൽകി തൊഴിലാളികളെ പ്രാപ്തരാക്കാനും തൊഴിൽരംഗത്ത് ഗവേഷണ പഠനങ്ങൾ നടത്താനുമായി നിലവിലുള്ള "കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ സ്റ്റഡീസ് ആന്റ് എംപ്ലോയ്മെന്റ്" എന്ന സ്ഥാപനം പുനഃസംഘടിപ്പിച്ചുകൊണ്ട് അന്തർദേശീയ നിലവാരത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ സ്റ്റഡീസ് ആന്റ് മാനേജ്മെന്റ് എന്ന സ്ഥാപനം ആരംഭിക്കും. അതിനുള്ള സംവിധാനവും ആലോചനയും നടപടിക്രമങ്ങളും പൂർത്തിയായിക്കഴിഞ്ഞു. എല്ലാ തൊഴിലാളികൾക്കും വീട് ഉറപ്പാക്കാൻ വിവിധ ഏജൻസികളെ ഏകോപിപ്പിച്ച് സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പാക്കുന്നതിനെ സംബന്ധിച്ച് ഒരു കോൺഫറൻസ് കൂടി അതിന്റെ വിശദാംശങ്ങൾക്ക് രൂപം കൊടുക്കുന്നതിന് ലേബർ സെക്രട്ടറി കൺവീനറായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ തൊഴിലാളികളുടെ സുരക്ഷയ്ക്കായി സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കി. വിവിധ ക്ഷേമനിധി ബോർഡുകളെ ഏകോപിപ്പിക്കും (ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങളെപ്പറ്റി കുറേക്കാലമായി വിമർശനങ്ങളുണ്ട്) അതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ക്ഷേമ പദ്ധതികളുടെ പ്രവർത്തനങ്ങൾ പരിശോധിച്ച് അതിന്റെ പോരായ്മകളെ സംബന്ധിച്ച് ഗഹനമായ പരിശോധന നടത്തിക്കഴിഞ്ഞു. അതു കഴിഞ്ഞതിനുശേഷമാണ് ഒരു പുതിയ ഐഡിയ ഉണ്ടായത്. വിവിധ ക്ഷേമനിധി ബോർഡുകളെ ഏകോപിപ്പിക്കാനും അവയുടെ പ്രവർത്തനം കൂടുതൽ പ്രയോജനപ്രദമാക്കാനും ഒരു 'ലേബർ അതോറിറ്റി' രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. തൊഴിലാളികളുടെ ആരോഗ്യ പരിപാലനം കൂടുതൽ കാര്യക്ഷമമാക്കാൻ സംസ്ഥാനത്ത് മാത്രമായി ഒരു ഇ.എസ്.ഐ. കോർപ്പറേഷൻ എന്ന നിർദ്ദേശം നടപ്പാക്കും. സത്യൻ കമ്മിഷൻ റിപ്പോർട്ടിൽ അങ്ങനെ ഒരു നിർദ്ദേശമുണ്ട്. അതായത് കേന്ദ്ര കോർപ്പറേഷന്റെ സബ്സിഡിയറിയായിട്ടുതന്നെ പ്രവർത്തിച്ചുകൊണ്ട് സംസ്ഥാനങ്ങൾക്ക് ഇ.എസ്.ഐ. കോർപ്പറേഷൻ എന്ന നിർദ്ദേശം നടപ്പാക്കാൻ ആലോചിക്കുന്നുണ്ട്. കേരളത്തിലെ വിദഗ്ധ തൊഴിലാളികളെ മറ്റു രാജ്യങ്ങളിലേയ്ക്ക് അയയ്ക്കാനും വിദേശരാജ്യങ്ങളുമായി ചേർന്ന് സംയുക്ത മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കാനും എംബസികളുമായി സഹകരിച്ച് 'ഒഡെപെക്' (ODEPC) കർമ്മ പദ്ധതി നടപ്പാക്കും. അതിന്റെ പ്രാഥമിക ചർച്ചകളൊക്കെ നടന്നു കഴിഞ്ഞു. ഏതോ മെമ്പർമാർ പ്രസംഗിച്ചപ്പോൾ ചൂണ്ടിക്കാണിച്ചതാണത്. ഇറ്റലിയിൽ നിന്നുവന്ന അംബാസിഡറുമായൊക്കെ ചർച്ച ചെയ്ത്, പ്രാഥമിക ചർച്ചകളൊക്കെ നടന്നിട്ടുണ്ട്. വ്യവസായ തർക്ക നിയമത്തിലും ട്രേഡ് യൂണിയൻ നിയമത്തിലും കാലോചിതമായ പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്തുവാൻ ആവശ്യമായ നിയമ ഭേദഗതി കൊണ്ടുവരാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കുറെ നിയമങ്ങളുടെ കരട് തയ്യാറാക്കിയിട്ടുണ്ട്. വിവിധ വകുപ്പുകളേയും തൊഴിലാളി സംഘടനകളേയും സന്നദ്ധസംഘടനകളേയും സഹകരിപ്പിച്ച് തൊഴിലാളികൾക്ക് 'വിശപ്പിൽനിന്നും വിമോചനം' (ഫ്രീഡം ഫ്രം ഹങ്കർ) എന്ന പദ്ധതി നടപ്പിലാക്കുന്നതായിരിക്കും. അതിന് ഒരു പ്രത്യേക പദ്ധതിയൊക്കെ തയ്യാറാക്കിയിട്ടുണ്ട്. അതു സമയക്കുറവുകൊണ്ട് വിശദീകരിക്കുന്നില്ല. ചില വ്യവസായ സ്ഥാപനങ്ങളൊക്കെ പൂട്ടിയിട്ടിട്ടുണ്ടായിരുന്നു. പുനലൂർ പേപ്പർ മിൽ. പല ഗവൺമെന്റുകൾ മാറിമാറി വന്നപ്പോഴൊക്കെ ആ ഫാക്ടറി തുറക്കുവാൻ ശ്രമിച്ചിട്ടുണ്ട്. ആര് വിചാരിച്ചിട്ടും ആ ഫാക്ടറി തുറക്കുവാൻ നിർഭാഗ്യവശാൽ കഴിഞ്ഞിട്ടില്ല. അങ്ങനെ പൂട്ടിയ സ്ഥാപനങ്ങളിലെ കുറെ തൊഴിലാളികൾ, ലോക്കൗട്ടിൽ പുറത്തായ കുറെ തൊഴിലാളികൾ അങ്ങനെ കുറെപേർ നമ്മുടെ സംസ്ഥാനത്തുണ്ട് എന്നുള്ളത് നാം അംഗീകരിക്കണം. അതിന്റെ അടിസ്ഥാനത്തിൽ പൂട്ടിയിട്ട തൊഴിൽ ശാലകളിലെ തൊഴിലാളികൾക്ക് സാമ്പത്തികസഹായം നൽകുവാനുള്ള ഒരു പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതാണ്. അത് രണ്ടുവർഷക്കാലത്തിനുള്ളിൽ ലേബർ ഡിപ്പാർട്ടുമെന്റ് നടപ്പാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. അങ്ങനെ ചലനാത്മകമായി ലേബർ ഡിപ്പാർട്ടുമെന്റ് മുന്നോട്ടുപോകണമെന്നാണ് ആഗ്രഹിക്കുന്നത്. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly